**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3094** **18-03-2022 - ൽ മറുപടിയ്ക്ക്**

**മേജർ മത്സ്യബന്ധന ഹാർബറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരപ്രദേശത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള മേജർ മത്സ്യബന്ധന ഹാർബറുകൾ എത്രയാണെന്ന് അറിയിക്കാമോ; | (എ) | തീരപ്രദേശത്ത് 25 മേജർ മത്സ്യബന്ധ ഹാർബറുകളാണ് ഉള്ളത്. ഇതിൽ 21 എണ്ണം പ്രവൃത്തിച്ചുവരുന്നു. 4 എണ്ണം നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | അവയിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തത് എത്രയെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ? | (ബി) | 21 മേജർ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തതിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖങ്ങൾ, കൊല്ലം ജില്ലയിലെ തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങൾ, ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി, കായംകുളം മത്സ്യബന്ധന തുറമുഖങ്ങൾ, എറണാകുളം ജില്ലയിലെ മുനമ്പം, ചെല്ലാനം ഫിഷറി ഹാർബറുകൾ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷറി ഹാർബർ, മലപ്പുറം ജില്ലയിലെ പൊന്നാനി, താനൂർ ഹാർബറുകൾ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ, പുതിയാപ്പ, ചോമ്പാൽ, വെള്ളയിൽ, കൊയിലാണ്ടി മത്സ്യബന്ധന തുറമുഖങ്ങൾ, കണ്ണൂർ ജില്ലയിലെ അഴീക്കൽ, മാപ്പിളബേ, തലായ് മത്സ്യബന്ധന തുറമുഖങ്ങൾ, കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖങ്ങൾ |

സെക്ഷൻ ഓഫീസർ